PAN/3172(1)/2020-E14(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി : 04/04/2022

**നോട്ടീസ്**

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർ തസ്തികയിലെ അന്തിമ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുന ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) പഞ്ചായത്ത് ഡയറക്ടറുടെ 29.12.2018 ലെ ഇ 14-10/2016 നമ്പർ ഉത്തരവ്

2)പഞ്ചായത്ത് ഡയറക്ടറുടെ 30.01.2019 PAN/3172/2020-E14(DP) നമ്പർ നോട്ടീസ്

3)ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.01.2022 ലെ ഇ 3-25854/2011 നമ്പർ കത്ത്.

4)ഈ ആഫീസിൽ നിന്നുള്ള 12.03.2020 ലെ PAN/7897/2019-E14(DP) നമ്പർ ഉത്തരവ്

5) സ.ഉ.(അച്ചടി)നം.38/2014/പി&എ.ആർ.ഡി തീയതി 14.11.2014

മേൽ സുചന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രൈവർമാരുടെ കരട് സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.വിനോദ് വി.ആർ. 29-ാമതായി ഉൾപ്പെട്ടിരുന്നു. പഞ്ചായത്ത് വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ച തീയതി പ്രകാരമാണ് ടിയാനെ സീനിയോരിറ്റി ലിസ്റ്റിൽ 29-ാമതായി ഉൾപ്പെടുത്തയിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ നിന്നുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ ചീഫ് ഹൈഡ്രോഗ്രാഫറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ അഡ്വൈസ് നമ്പർ AR1(4)3423/2014 തീയതി 02.08.2018 പ്രകാരം നിയമനം ലഭിച്ചിട്ടുള്ളതും, അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേന 11.08.2020 ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും, ആലപ്പുഴ ജില്ലയിൽ നിന്നുള്ള പി .എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ട് ഹെഡ്ക്വാർട്ടർ ഒഴിവിൽ നിയമിതനായതിനാൽ പി.എസ്.സി അഡ്വൈസ് തീയതി യിൽ സീനിയോരിറ്റി പുതുക്കി നൽകണമെന്നും സൂചന (3) പ്രകാരം ശ്രീ.വിനോദ് വി.ആർ. അപേക്ഷിച്ചിട്ടുണ്ട്. സ.ഉ.(അച്ചടി)നം.38/2014/പി&എ.ആർ.ഡി തീയതി 14.11.2014 പ്രകാരം ഹെഡ്കോർട്ടർ വേക്കൻസിയിൽ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചാൽ, തിരഞ്ഞെടുത്ത ജില്ലയിൽ അഞ്ച് വർഷത്തിനുള്ളിൽ നിയമനം ലഭിക്കുന്നതിന് ഒഴിവ് വരാത്ത സാഹചര്യത്തിലും ജില്ലയിൽ ഒഴിവില്ലാത്ത സാഹചര്യത്തിലും ജീവനക്കാരന് മറ്റ് വകുപ്പിലുള്ള ഒഴിവിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് അഞ്ച് വർഷത്തെ റൂളിൽ ഇളവ് വരുത്തിയിട്ടുള്ളതും, ഇപ്രകാരം സ്ഥലം മാറ്റം

ലഭിക്കുന്നവർക്ക് അഡ്വൈസ് തീയതി പ്രകാരം സീനിയോരിറ്റി അനുവദിക്കാവുന്നതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ.വിനോദ് വി.ആർ. ഡ്രൈവർ ഗ്രേഡ് 2, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് ആലപ്പുഴ യെ സൂചന (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ 295 A ആയി ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ട്. ആയതിനാൽ ശ്രീ.വിനോദ് വി.ആർ. ഡ്രൈവർ ഗ്രേഡ് 2, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് ആലപ്പുഴ യെ സൂചന (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ 295 A ആയി ഉൾപ്പെടുത്തുന്നതിന് ആക്ഷേപമുള്ള ജീവനക്കാർ 15 ദിവസത്തിനകം ഉപോത്ബലകമായ രേഖകൾ സഹിതം ആക്ഷേപം ഉചിതമാർഗ്ഗേന ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

**H. DINESHAN IAS**
**DIRECTOR OF PANCHAYATH**

എല്ലാ ജീവനക്കാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
പകർപ്പ്.

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. വെബ്സൈറ്റ്
3. കരുതൽ / ഫയൽ

Signature Not Verified

Digitally signed by Dineshan H
Date: 2022.04.04 17:03:25 IST
Reason: Approved